# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5655      02.07.2019-ന് മറുപടിയ്ക്ക്

## പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ

**ചോദ്യം**

**ശ്രീ. ജോൺ ഫെർണാണ്ടസ് :**
**ശ്രീ. എം. നൗഷാദ് :**
**ശ്രീ. പി.ടി.എ. റഹീം :**
**ശ്രീ. സി.കെ. ശശീന്ദ്രൻ :**

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണ് ; ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര തുകയാണ് വായ്പയായി നൽകിയതെന്ന്, മുൻ സർക്കാരിന്റെ കാലത്ത് നൽകിയ വായ്പയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ ;

**മറുപടി**

**ശ്രീ. എ. കെ. ബാലൻ**
(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ വായ്പാ പദ്ധതികൾക്ക് പുറമെ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം താഴെ പറയുന്ന വായ്പാ പദ്ധതികൾ കൂടി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

* **വിദേശത്ത് നിന്ന് മടങ്ങിയെത്തുന്നവർക്കായിട്ടുള്ള പ്രവാസി പുനരധിവാസ വായ്പ**

<table>
<tr><td rowspan="2">റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങി വരുന്നവർക്കുള്ള പദ്ധതി)</td><td>20 ലക്ഷം രൂപ</td><td>പലിശ നിരക്ക് 6 മുതൽ 8% വരെ</td></tr>
<tr><td colspan="2">പ്രത്യേക ആനുകൂല്യം<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി.</td></tr>
</table>

* **പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സ്റ്റാർട്ട് അപ് വായ്പ**

<table>
<tr><td>പരമാവധി തുക</td><td>20 ലക്ഷം രൂപ</td></tr>
<tr><td>പ്രായപരിധി</td><td>18 – 40 നും മദ്ധ്യേ</td></tr>
<tr><td>പലിശ നിരക്ക്</td><td>6 മുതൽ 8% വരെ</td></tr>
<tr><td colspan="2">പ്രത്യേക ആനുകൂല്യം</td></tr>
<tr><td>ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി</td><td>വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം)</td></tr>
</table>

(.....2)

* **ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് വേണ്ടിയുള്ള എന്റെ വീട് വായ്പ**

| | | |
|---|---|---|
| എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി 1 (1,20,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 7.50% |
| എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി 2 (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 8.00% |

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ഏജൻസികളിൽ നിന്നും ലഭിച്ച വായ്പാ തുകയും കോർപ്പറേഷന്റെ തനത് ഫണ്ടും ഉപയോഗിച്ച് സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ വായ്പ, വാഹന വായ്പ, വ്യക്തിഗത വായ്പ, സുവർണ്ണശ്രീ വായ്പ, മൈക്രോ ക്രെഡിറ്റ് വായ്പ, പ്രവർത്തന മൂലധന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ തുടങ്ങിയ 17 -ഓളം വായ്പാ പദ്ധതികളിലായി കഴിഞ്ഞ സർക്കാർ കാലയളവിൽ 165493 ഗുണഭോക്താക്കൾക്കായി 1148.27 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയുള്ള കണക്കുകൾ പ്രകാരം കോർപ്പറേഷൻ വിവിധ പദ്ധതികളിലുൾപ്പെടുത്തി 134008 ഗുണഭോക്താക്കൾക്ക് 1277.79 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5 വർഷം കൊണ്ട് വിതരണം ചെയ്ത തുകയേക്കാൾ 130 കോടി രൂപ അധികമായി ഈ സർക്കാരിന്റെ കാലത്ത് 3 വർഷം കൊണ്ട് വിതരണം ചെയ്യുവാൻ സാധിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടത്തിയ സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷൻ നടപ്പിലാക്കിയ സാമൂഹിക പ്രതിബദ്ധതാ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്ലസ്-ടു വിന് എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് കരസ്ഥമാക്കിയ മറ്റു പിന്നാക്ക വിഭാഗത്തിൽ പ്പെട്ട 1025 വിദ്യാർത്ഥികൾക്ക് 2016 - 17

(.....3)

സാമ്പത്തിക വർഷത്തിലും 1915 വിദ്യാർത്ഥി കൾക്ക് 2017-18 സാമ്പത്തിക വർഷത്തിലും 5000/- രൂപ വച്ച് ആകെ 1,47,00,000/- രൂപ സ്കോളർഷിപ്പായി നൽകിയിട്ടുണ്ട്.

2. 2018-19 കാലയളവിൽ പ്രളയാനന്തര കേരള ത്തിൽ പുനർ നിർമ്മിതിക്കായി 50 ലക്ഷം രൂപ കോർപ്പറേഷന്റെ സി.എസ്.ആർ ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുകയുണ്ടായി.

3. ഇതോടൊപ്പം ദേശീയ ഏജൻസിയായ പിന്നാക്ക വിഭാഗ ധനകാര്യ കോർപ്പറേഷന്റെ (NBCFDC) സാമൂഹിക പ്രതിബദ്ധതാ പദ്ധതിയിൽ ഉൾപ്പെ ടുത്തി പാലക്കാട് ജില്ലയിലെ കാവശ്ശേരിയിലുള്ള മൺപാത്ര തൊഴിലാളികളുടെ തൊഴിൽ നവീകര ണവും, ആധുനികവൽക്കരണത്തിനുമായുള്ള പദ്ധതിയും, ദേശീയ ഏജൻസിയായ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) സാമൂഹിക പ്രതിബദ്ധതാ പദ്ധതി യിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ നീലേശ്വരത്തുള്ള 100 വിധവകൾക്ക് തയ്യൽ പരിശീലനവും യന്ത്രസാമഗ്രികളുടെ വിതരണവും കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

(സി) പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന്റെ പ്രധാന പദ്ധതി കളെക്കുറിച്ച് അറിയിക്കാമോ ; കോർപ്പറേഷനിൽ നിന്ന് വായ്പയെ ടുത്ത് തിരിച്ചടയ്ക്കാൻ സാമ്പത്തിക സ്ഥിതിയില്ലാതെ കുടിശ്ശിക വരുത്തി യവരുടെ കടം എഴുതിത്തള്ളുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ ?

(സി) പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതികൾ |
|---|---|
| 1. | കൃഷിഭൂമി വായ്പ |
| 2. | ഭവന നിർമ്മാണ വായ്പ |
| 3. | ഭവന പുനരുദ്ധാരണ വായ്പ |
| 4. | വിവാഹ വായ്പ |
| 5. | ഭൂരഹിത ഭവനരഹിത വായ്പ |
| 6. | വ്യക്തിഗത വായ്പ |
| 7. | സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്കുള്ള വ്യക്തിഗത വായ്പ |
| 8. | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ |
| 9. | ഉയർന്ന വരുമാനക്കാർക്കുള്ള വ്യക്തിഗത വായ്പ |
| 10. | ഉയർന്ന വരുമാനക്കാർക്കുള്ള വ്യവസായ വായ്പ |

11. സ്വയംതൊഴിൽ വായ്പ
12. വിദ്യാഭ്യാസ വായ്പ
13. വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം
14. മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം
15. പുനർജ്ജനി

വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ